പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3851 — 21.06.2018 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമബോർഡ് പ്രവർത്തനങ്ങൾ

ചോദ്യം — മറുപടി

ശ്രീ.കെ.എൻ.എ.ഖാദർ — എ.സി. മൊയ്തീൻ (ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കഴിഞ്ഞ വർഷത്തിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (എ) | കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കലാ സാഹിത്യ കായിക രംഗങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പ്രധാനമായും കേരളോത്സവം, ദേശീയ നാടൻകലാമേള, സംരംഭകത്വ വികസന ശിൽപശാല, യുവ സാഹിത്യ ക്യാമ്പ്, പി.എസ്.സി പരീക്ഷാ പരിശീലനം, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, ജോബ്ഫെസ്റ്റ് എന്നിവയും ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളം ദേശീയ അഡ്വഞ്ചർ അക്കാഡമി, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി എന്നിവ മുഖാന്തിരം യുവാക്കളിൽ സാഹസികത വളർത്തുന്നതിനുള്ള പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്.<br>യുവജനങ്ങൾക്കു വേണ്ടി യൂത്ത് അവാർഡ്, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകളിലെ യുവാക്കളെ ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. |
| ബി) | യുവജനക്ഷേമത്തിനായി തയ്യാറാക്കപ്പെട്ട പ്രധാന പദ്ധതികളിൽ അംഗീകാരം ലഭിച്ചതും ഭരണാനുമതി നൽകപ്പെട്ടതുമായവ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അനുവദിച്ച ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | 2017-18 സാമ്പത്തിക വർഷം യുവജനക്ഷേമ ബോർഡിന് കേരളോത്സവം, വളരുയുവത്വം, യുവശക്തി, ആസ്ഥാനമന്ദിര നിർമ്മാണ പ്രവർത്തനങ്ങൾ, മറ്റ് ക്ഷേമവികസനപരിപാടികൾ, യുവക്ലബ് എന്നീ പദ്ധതികൾക്ക് ഭരണാനുമതി നല്കിയിരുന്നു. 16,48,35,000/- രൂപയ്ക്ക് ഭരണാനുമതി നല്കിയ ടി പദ്ധതികളുടെ നടത്തിപ്പിനായി |

| | | | |
|---|---|---|---|
| | | | 1260 ലക്ഷം രൂപ അനുവദിച്ച് നല്കിയിരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഈ വർഷം സംസ്ഥാന യുവജനക്ഷേമ ബോർഡ് നടത്താനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ? | (സി) | കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കലാ സാഹിത്യ കായിക രംഗങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. പ്രധാനമായും കേരളോത്സവം, നാടകോത്സവം, ദേശീയ നാടൻകലാമേള, ചിത്രകലാക്യാമ്പ്, ഇന്റർ നാഷണൽ ഡാൻസ് ഫെസ്റ്റിവൽ, വനിതാ കാർട്ടൂൺ ക്യാമ്പ്, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ആർട്ട് ഡി ടൂർ മുതലായവ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, പി.എസ്.സി പരീക്ഷാ പരിശീലനം, തൊഴിൽ പരിശീലനം, ജോബ്ഫെസ്റ്റ് എന്നിവയും സംഘടിപ്പിക്കുന്നു. ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളം ദേശീയ അഡ്വഞ്ചർ അക്കാഡമി, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി എന്നിവ മുഖാന്തിരം യുവാക്കളിൽ സാഹസികത വളർത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.<br>യുവജനങ്ങൾക്ക് വേണ്ടി യൂത്ത് അവാർഡ്, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകളിലെ യുവാക്കളെ ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു |

**സെക്ഷൻ ഓഫീസർ**